(ബി) 2004 സെപ്റ്റംബർ 1 മുതൽ 2005 ഫെബ്രുവരി 28 വരെ എത്ര ഫയലുകൾ ഓരോവകുപ്പിലും 'ഫയൽ ക്ലോസ്ഡ്' എന്ന് എഴുതി ഒഴിവാക്കിയിട്ടുണ്ട് എന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇതേ കാലയളവിൽ സെക്രട്ടേറിയറ്റിൽ ഓരോ വകുപ്പിലും എത്ര വീതം ഫയലുകൾ തീരുമാനം എടുക്കാതെ ഫയൽ ക്ലോസ്ഡ് എന്നുമാത്രം എഴുതി ക്ലോസ് ചെയ്തു എന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഫയൽ തീർപ്പാക്കൽ പുരോഗതി സംബന്ധിച്ച് പൊതുഭരണവകുപ്പ് അവലോകനരേഖ പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) 15-12-2004 വരെ 68150 ഫയലുകൾ തീർപ്പുകൽപിച്ചു.

(ബി) 2004 ഡിസംബർ 15 വരെ സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ നടപടി എടുത്ത് തീർപ്പാക്കിയ ഫയലുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഇല്ല.

(ഡി) അവലോകനരേഖ പുറത്തിറക്കിയിട്ടില്ല.

ഡി. എ. കുടിശ്ശികയുടെ തീരുമാനം

3 [2307] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാനശമ്പളം മാത്രം നൽകിയിരുന്ന സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 16-1-2002-ന് ശേഷം നൽകാതിരുന്ന ഡി. എ. കുടിശ്ശികയുടെ കാര്യം പരിശോധിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും ഇതേവരെ തീരുമാനം എടുത്തിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കാര്യത്തിൽ എന്നത്തേക്ക് തീരുമാനമാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) & (ബി) സാമ്പത്തികബാദ്ധ്യതയുള്ള ഈ നിർദ്ദേശം പരിശോധിച്ചു വരുന്നു. സാമ്പത്തികബാദ്ധ്യതയെക്കുറിച്ചുള്ള പൂർണ്ണവിവരങ്ങൾ ലഭ്യമായതിനുശേഷം ഇതിൽ ഒരു തീരുമാനം എടുക്കുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly